REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-10-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യ വ്യാപകമായി ഇന്ന് പൾസ് പോളിയോ ദൗത്യം. സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ടയിൽ.
- പ്രവേശന ഫീസുകളും പരീക്ഷാ ഫീസുകളും സ്വീകരിക്കുന്നതിന് UPI സംവിധാനം ഉപയോഗിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം.
- ശബരിമല റോപ് വേ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സംഘം പദ്ധതിപ്രദേശത്ത് പരിശോധന നടത്തി.
- സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്
- ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും.

## വാർത്തകൾ വിശദമായി

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യ വ്യാപകമായി ഇന്ന് പൾസ് പോളിയോ പ്രതിരോധയജ്ഞം നടത്തും. സംസ്ഥാനത്ത് ഇടുക്കി ഒഴികെ 13 ജില്ലകളിലാണ് യജ്ഞം. സംസ്ഥാനതല പൾസ് പോളിയോ പരിപാടി പത്തനംതിട്ടയിൽ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്യും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

അഞ്ച് വയസ്സിൽ കുറഞ്ഞ എല്ലാ കുഞ്ഞുങ്ങൾക്കും തുള്ളിമരുന്നു നൽകി യജ്ഞത്തിൽ പങ്കാളികളാകണമെന്ന് മന്ത്രി വീണാജോർജ് അഭ്യർഥിച്ചു. കേരളത്തിൽ സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, ഗവൺമെൻറ് ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ പ്രവർത്തിക്കും. ബസ്സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, ബോട്ടുജെട്ടികൾ എന്നിവിടങ്ങളിലെ ട്രാൻസിറ്റ് ബൂത്തുകൾ രാത്രി 8 വരെയും പ്രവർത്തിക്കും. ഇന്ന് ബൂത്തുകളിൽ തുള്ളിമരുന്ന് നൽകാൻ കഴിയാത്ത കുഞ്ഞുങ്ങൾക്ക് നാളെയും മറ്റന്നാളും സന്നദ്ധപ്രവർത്തകർ വീടുകളിൽ എത്തി തുള്ളിമരുന്ന് നൽകും.

തിരുവനന്തപുരംജില്ലയിൽ 2,415 ബൂത്തുകൾ സജ്ജമാക്കി. റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിൽ രാവിലെ 8 മുതൽ രാത്രി 8 വരെ തുള്ളിമരുന്ന് വിതരണം ചെയ്യും.കൊല്ലത്ത് 1,790 ബൂത്തുകളും 37 ട്രാൻസിറ്റ് ബൂത്തുകളും 19 മൊബൈൽ ബൂത്തുകളും ഒരുക്കിയിട്ടുണ്ട്. കോഴിക്കോട്ട് 2,215 ബൂത്തുകളും 53 ട്രാൻസിറ്റ് ബൂത്തുകളും 26 മൊബൈൽ ബൂത്തുകളും സജ്ജമാക്കിയിട്ടുണ്ട്.

✪✪✪

പ്രവേശന ഫീസുകളും പരീക്ഷാ ഫീസുകളും സ്വീകരിക്കുന്നതിന് UPI സംവിധാനം ഉപയോഗിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സ്കൂളുകൾക്ക് നിർദേശം നൽകി. ഭരണപരമായ പ്രക്രിയകൾ നവീകരിക്കുന്നതിനും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും പേയ്മെന്റ് സുഗമമാക്കുന്നതിനും ലക്ഷ്യമിട്ടാണ് മന്ത്രാലയത്തിന്റെ നീക്കം.

NCERT, CBSE, കേന്ദ്രീയവിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ എന്നീ സ്ഥാപനങ്ങൾക്കാണ് കേന്ദ്രനിർദ്ദേശം. സ്കൂളുകളിൽ രക്ഷിതാക്കൾ നേരിട്ട് എത്താതെ തന്നെ ഫീസുകളടയ്ക്കാൻ ഇതുവഴി സൗകര്യം ലഭിക്കും.

✪✪✪

രാജ്യത്തിന്റെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തമുറപ്പിക്കാൻ ലക്ഷ്യമിടുന്ന വികസിത് ഭാരത് ബിൽഡത്തോൺ 2025-ന് നാളെ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രാജ്യവ്യാപകമായി എല്ലാ

സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടത്തും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം. വിജയികളെ ഡിസംബറിൽ പ്രഖ്യാപിക്കും.

✪✪✪

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റ് മത്സരങ്ങളുടെ രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും. മൈഭാരത് പോർട്ടൽ വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. 18 നും 25 നും ഇടയിൽ പ്രായക്കാർക്കാണ് അവസരം.

✪✪✪

ശബരിമല റോപ് വേ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സംഘം സന്നിധാനം, മരക്കൂട്ടം, പമ്പ ഹിൽടോപ്പ് എന്നിവിടങ്ങളിൽ  പരിശോധന നടത്തി. പദ്ധതിയുടെ അന്തിമ അനുമതിയുമായി ബന്ധപ്പെട്ടായിരുന്നു കേന്ദ്രസംഘത്തിന്റെ രണ്ടു ദിവസത്തെ സന്ദർശനം. റോപ്‌വേയുടെ പരിസ്ഥിതി സംബന്ധമായ ആഘാതങ്ങളും, മറ്റു വിഷയങ്ങളും സംഘം വിശദമായി പരിശോധിച്ചു. കേന്ദ്ര സംഘം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അന്തിമ അനു മതി ലഭ്യമാകും. വനംവകുപ്പിന്റെയും, ദേവസ്വം ബോർഡിന്റെയും പ്രതിനിധികളും സംഘത്തിനൊപ്പം സന്ദർശനത്തിൽ പങ്കെടുത്തു.

✪✪✪

ശബരിമല സ്വർണപ്പാളിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഹൈക്കോടതി  നിർദ്ദേശപ്രകാരം റിട്ടേർഡ് ജസ്റ്റിസ് KT ശങ്കരന്റെ നേതൃത്വത്തിൽ സന്നിധാനത്ത് ഇന്നും പരിശോധന തുടരും. ക്ഷേത്രത്തിലെ സ്ട്രോംഗ് റൂമുകൾ ഉൾപ്പെടെ തുറന്നാണ് പരിശോധന. ഈ സാഹചര്യത്തിൽ മാധ്യമങ്ങൾക്ക് പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് പ്രവേശനം വിലക്കി. സന്നിധാനത്തെ പരിശോധന പൂർത്തിയായ  ശേഷം ആറന്മുളയിലെ സ്ട്രോംഗ് റൂമിലും പരിശോധന നടത്തും.

✪✪✪

സ്വർണപ്പാളി വിവാദം ഉൾപ്പെടെ  വിഷയങ്ങൾ വഴി തിരിച്ചുവിടാനാണ് കരുതിക്കൂട്ടി ഷാഫി പറമ്പിലിനെ ആക്രമിച്ചതെന്നും, ഇതിനെതിരെ ശക്തമായ പ്രതിഷേധം വ്യാപിപ്പിക്കുമെന്നും  AICC ജനറൽ സെക്രട്ടറി KC

വേണുഗോപാൽ പറഞ്ഞു.  പേരാമ്പ്രയിൽ UDF സംഘടിപ്പിച്ച പ്രതിഷേധ സദസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശബരിമല വിഷയം UDF കാരുടെയും, കോൺഗ്രസുകാരുടെയും വീട്ടിൽ മാത്രമല്ല, CPIM കാരുടെ വീട്ടുകളിലും  ചർച്ചയായിരിക്കുകയാണെന്ന് വേണുഗോപാൽ പറഞ്ഞു.

✪✪✪

പേരാമ്പ്രയിലെ സംഘർഷം റിപ്പോർട്ട് ചെയ്യുന്നതിനിടെ മാധ്യമപ്രവർത്തകരെ കയ്യേറ്റം ചെയ്ത സംഭവത്തിൽ കേരള പത്രപ്രവർത്തക യൂണിയൻ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രതിഷേധിച്ചു. ഇത്തരം നിലപാടുകൾ രാഷ്ട്രീയപാർട്ടികൾ തിരുത്തണമെന്ന് ഭാരവാഹികൾ ആവശ്യപ്പെട്ടു.

✪✪✪

ലഹരികടത്തിൽ രാജ്യത്ത് ഏറ്റവും കൂടുതൽ കേസും അറസ്റ്റും ഉണ്ടാകുന്നത്  കേരളത്തിലാണെന്ന്  മന്ത്രി MB രാജേഷ് പറഞ്ഞു. എന്നാൽ കൂടുതൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന ആദ്യത്തെ അഞ്ചു സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഇല്ലെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം കാര്യക്ഷമവും, കുറ്റമറ്റതുമാണെന്ന് അദ്ദേഹം വിലയിരുത്തി. എക്സൈസ് വകുപ്പിന്റെ സംസ്ഥാനതല സെമിനാർസംഘാടക സമിതി രൂപീകരണ യോഗം പാലക്കാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തദ്ദേശ വകുപ്പ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ സംസ്ഥാനവ്യാപക പരിശോധനയിൽ വെള്ളിയാഴ്ച 2,455 ചട്ടലംഘനങ്ങൾ കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി 17 ലക്ഷം രൂപ പിഴ ചുമത്തി. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ചട്ടലംഘനങ്ങൾ കണ്ടെത്തിയത്- 359.  പരിശോധന തുടരുമെന്നും, ചട്ടലംഘനങ്ങളിൽ കർശന നടപടി ഉറപ്പാക്കുമെന്നും തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ് അറിയിച്ചു.

✪✪✪

തലശ്ശേരി - ബംഗലൂരു റൂട്ടിൽ KSRTC ആരംഭിച്ച  AC സീറ്റർ ബസ് നിയമസഭാ സ്പീക്കർ AN  ഷംസീർ ഫ്ലാഗ് ഓഫ് ചെയ്തു.

പയ്യന്നൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് KSRTC പുതിയ സൂപ്പർ ഡീലക്സ് ബസ് സർവീസ് അനുവദിച്ചതായി TI മധുസൂദനൻ MLA അറിയിച്ചു. മന്ത്രി KB ഗണേഷ്കുമാറിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

ദേശീയപാത വെങ്ങളം-അഴിയൂർ റീച്ചിലെ പ്രവൃത്തികൾ വേഗത്തിലാക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. വടകര ചോറോട് പഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, ഇടുക്കി, പാലക്കാട്,മലപ്പുറം,വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും. വിശാഖപട്ടണത്ത് ഉച്ചകഴിഞ്ഞ് മൂന്നിന് മത്സരം ആരംഭിക്കും.

ഇന്നലെ ടൂർണമെന്റിൽ ഇംഗ്ലണ്ട്, ശ്രീലങ്കയെ 89 റൺസിന് തോൽപ്പിച്ചു. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട്, 9 വിക്കറ്റിന് 253 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ശ്രീലങ്ക, 45.4 ഓവറിൽ 164 റൺസിന് എല്ലാവരും പുറത്തായി. ടൂർണമെന്റിൽ ഇംഗ്ലണ്ടിന്റെ തുടർച്ചയായ മൂന്നാം ജയമാണിത്.

✪✪✪

ഇന്ത്യ- വെസ്റ്റിൻഡീസ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ നാലിന് 140 റൺസെന്ന നിലയിൽ വിൻഡീസ്, ടെസ്റ്റിന്റെ മൂന്നാം ദിവസമായ ഇന്ന് ഇന്നിംഗ്സ് പുനഃരാരംഭിക്കും. രാവിലെ ഒൻപതരയ്ക്ക് മത്സരം തുടങ്ങും. ഇന്നലെ അഞ്ച് വിക്കറ്റിന് 518 റൺസെടുത്ത് ഇന്ത്യ ഡിക്ലയർ ചെയ്ത ശേഷം ഇന്നിംഗ്സ് ആരംഭിച്ച വെസ്റ്റിൻഡീസിന് നാല് വിക്കറ്റ് നഷ്ടമായി.

✪✪✪

ഇടുക്കി ജില്ലാ സ്പോർട്സ് കൗൺസിൽ കേരളത്തിലാദ്യമായി ആരംഭിക്കുന്ന ഡേ ബോർഡിംഗ് സെന്ററുകൾ മന്ത്രി റോഷി അഗസ്റ്റിൻ കാൽവരിമൗണ്ടിൽ ഉദ്ഘാടനം ചെയ്തു. അത്‌ലറ്റിക്സ്, ഫുട്ബോൾ, തായ്‌കോണ്ട ഇനങ്ങളിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങളാണ് ഡേ ബോർഡിംഗ് സെന്ററുകൾ. ഓരോ ഇനത്തിലും തിരഞ്ഞെടുത്ത 25 വിദ്യാർത്ഥികൾക്ക് 40 രൂപയുടെ ലഘുഭക്ഷണം നൽകി സെന്ററുകളിൽ പരിശീലനം നൽകും. കായികമേഖലയിൽ ഗവൺമെന്റ് കൊണ്ടുവന്ന മാറ്റങ്ങൾ ലഹരിവലയത്തിൽ അകപ്പെടുന്ന കുട്ടികളെ വീണ്ടെടുക്കാൻ സഹായിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ മന്ത്രി പറഞ്ഞു.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ ഉച്ചകഴിഞ്ഞ് മന്ത്രി PA മുഹമ്മദ് റിയാസ് ഫറോക്കിൽ ഉദ്ഘാടനം ചെയ്യും. ഫറോക്ക് ചാലിയാർ പുഴയിൽ ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തിയാണ് CBL മത്സരങ്ങൾ നടത്തുന്നത്. ചാലിയാർ പുഴയിൽ ഫറോക്ക് പുതിയ പാലത്തിനും പഴയ പാലത്തിനും ഇടയിലാണ് മത്സരങ്ങൾ.

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ 14 ചുരുളൻ വള്ളങ്ങൾ മത്സരത്തിൽ പങ്കെടുക്കും. ഓരോ വള്ളത്തിലും 30 വീതം തുഴച്ചിലുകാർ ഉണ്ടായിരിക്കും. 20 ലക്ഷം രൂപയാണ് മൊത്തം സമ്മാന തുക. വൈകീട്ട് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

ദേശീയ ജൂനിയർ അത് ലറ്റിക് മീറ്റിന്റെ രണ്ടാം ദിവസം കേരളത്തിന് രണ്ട് സ്വർണമടക്കം അഞ്ച് മെഡൽ. അണ്ടർ 20 ആൺകുട്ടികളുടെ 400 മീറ്റർ ഓട്ടത്തിൽ മുഹമ്മദ് അഷ്ഫാഖും ഡെക്കാത്തലണിൽ ജിനോയ് ജയനും സ്വർണം നേടി. പെൺകുട്ടികളുടെ 100 മീറ്റർ ഹർഡിൽസിൽ ആദിത്യ അജിയും ആൺകുട്ടികളുടെ 110 മീറ്റർ ഹർഡിസിൽ K കിരണും വെള്ളി നേടിയപ്പോൾ, പോൾവോൾട്ടിൽ ജീന ബേസിൽ വെങ്കലം സ്വന്തമാക്കി.

✪✪✪

മലപ്പുറത്തെ മാലിന്യ കേന്ദ്രമായിരുന്ന പുളിയേറ്റുമ്മൽ ട്രഞ്ചിംഗ് ഗ്രൗണ്ട് മാലിന്യമുക്തമാക്കി. നാലര ഏക്കറോളം ഭൂമിയിലെ മാലിന്യക്കൂമ്പാരം നീക്കം ചെയ്ത് ഭൂമി തിരിച്ചെടുത്ത ചടങ്ങ് മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു.

✪✪✪

ശാരീരിക ബുദ്ധിമുട്ടിനെ തുടർന്ന് തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർമാർ അറിയിച്ചു. ഇന്നലെ രാവിലെ തൃശൂരിൽ ആധാരമെഴുത്തുകാരുടെ സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കാനെത്തിയപ്പോഴാണ് മന്ത്രിയ്ക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടത്.

✪✪✪

താനൂർ ബോട്ടപകട അന്വേഷണ കമ്മീഷൻ ജസ്റ്റിസ് V.K മോഹനൻ നാളെ കാസർകോട് നീലേശ്വരത്ത് പബ്ലിക് ഹിയറിങ് നടത്തും. കോട്ടപ്പുറം ബോട്ട് ടെർമിനലിലാണ് ഹിയറിംഗ്. ഉൾനാടൻ ജലഗതാഗത മേഖലയിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും, ടൂറിസം മേഖലയിലെ പ്രതിനിധികൾക്കും രാവിലെ 11 മുതൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകാവുന്നതാണ്.

✪✪✪

തദ്ദേശ വകുപ്പിന്റെ 'വിഷൻ 2031' സെമിനാർ 2025 നാളെ പാലക്കാട് കോസ്മോപൊളിറ്റൻ ക്ലബ്ബിൽ നടത്തും. മന്ത്രി M B രാജേഷ് കരട് നയരേഖ അവതരിപ്പിക്കും.

ധനകാര്യവകുപ്പിന്റെ സെമിനാർ നാളെ കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ നടത്തും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRTs: രജിന കെ ആസാദ്*
*DEO : ഷീബ*